പി.ഡബ്ല്യു.ഡി. മാന്വൽ പരിഷ്ക്കരണം

156 (5861) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തുള്ള പി.ഡബ്ല്യു.ഡി മാന്വൽ പരിഷ്ക്കരിക്കാനുദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എപ്പോൾ മുതൽ പരിഷ്ക്കരിച്ച മാന്വൽ നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ഉദ്ദേശിക്കുന്നുണ്ട്. പരിഷ്ക്കരിച്ച മാന്വലിന്റെ കരട് പരിശോധിച്ച് വരികയാണ്. കാലവിളംബം കൂടാതെ ഇത് നടപ്പിൽ വരുത്തുന്നതാണ്.

റോഡുകളിലെ അപകട സാധ്യതാ മേഖലകൾ

157 (5862) ശ്രീ. ബി. രാഘവൻ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് റോഡുകളിലെ അപകട സാധ്യതാ മേഖലകൾ കണ്ടെത്തി മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത മേഖലകൾ അപകടവിമുക്തമാക്കുന്നതിന് റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹകരണത്തോടെ നടപടി സ്വീകരിക്കുമോ ;

(സി) കൊല്ലം-കോവളം ദേശീയപാത അപകട വിമോചിത മേഖലയാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ഡി) കൂടുതൽ മേഖലകൾ അപകട വിമോചിത മേഖലകളാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. കൂടുതൽ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പൊതുമരാമത്ത് വകുപ്പ്, മോട്ടോർ വാഹന വകുപ്പ്, പോലീസ് വകുപ്പ് എന്നിവയെ ഏകോപിപ്പിച്ചുകൊണ്ട് അപകട സാധ്യത കൂടിയ മേഖലകളെ അപകട വിമുക്തമാക്കുന്നതിനുള്ള നടപടികൾ റോഡ് സുരക്ഷാ അതോറിറ്റിയുടെ നേതൃത്വത്തിൽ സ്വീകരിച്ചു വരുന്നു.

(സി) കൊല്ലം-കോവളം ദേശീയപാതയെ മാതൃകാ റോഡായി പ്രഖ്യാപിക്കുകയും, പ്രസ്തുത റോഡിനെ അപകടരഹിതമാക്കി മാറ്റുന്നതിനായി ദക്ഷിണ മേഖലാ ഐ.ജി.യുടെ നേതൃത്വത്തിലുള്ള കമ്മിറ്റി പ്രസ്തുത റോഡ്

LIBRARY ARCHIVES Kerala Legislative Assembly